**പഴയ കാല കവിതകൾ**



# കാവ്യനൗക

## വാസുദേവ് പുളിക്കൽ

കാവ്യപ്രവാഹത്തിൻ തീരത്തൊരു കൊച്ചു
പൂമര ചോട്ടിൽ ഞാൻ വിശ്രമിക്കേ...
ഒരു കൂട്ടം കുഞ്ഞാറ്റ കിളികൾ വന്നിരുന്നൊരു
അനുരാഗ സംഗീതം മുഴക്കി പോയി.
അക്ഷരമാലകൾ കടലാസ് തോണികളായ്
അടുത്തുള്ള തടിനിയിൽ നിശ്ചലരായ്
ദളമർമ്മരങ്ങളും നിലച്ചുപോയ്
കാറ്റിൻ രാഗാർദ്ര പല്ലവി മാത്രമായി
പൂവിതൾ തുമ്പിൽ നിന്നൊരു ജലകണം വീണു
ഉടയാതെ പുൽകൊടിയിൽ തിളങ്ങി നിന്നു
ഒരു വരിയെഴുതാൻ ഉൾപ്രേരണയായ്
കാവ്യ നൗകകൾ ഒഴുകി വന്നു
കാറ്റിൻെറ ഈണത്തിലോ കിളി തൻ നാദത്തിലോ
കല്ലോലിനിയുടെ കൈ പിടിച്ചോ
കാവ്യ സുഗന്ധം പൂശാനെത്തും
നാടൻ ശീലുകൾ ചേർത്തു വച്ചോ?
എങ്ങനെ എഴുതണം കാവ്യ നൗകകൾക്കെൻ
തൂലിക പങ്കായമായിടട്ടെ !

**********************